# കേരളസർവകലാശാല

നം.പി.ആർ.243/2021

## പത്രക്കുറിപ്പ്

### ബിരുദാനന്തര ബിരുദ പ്രവേശനം – 2021
### അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി നവംബർ 26 വരെ നീട്ടിയിരിക്കുന്നു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും യു.ഐ.റ്റി.കളിലെയും ബിരുദാനന്തര ബിരുദ പ്രവേശനത്തിന് അപേക്ഷിക്കുന്നതിനും പ്രൊഫൈലിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനുമുളള അവസാന തീയതി നവംബർ 26 വൈകുന്നേരം 5 മണി വരെ നീട്ടിയിരിക്കുന്നു.

കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 26 ന് മുൻപ് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. സപ്ലിമെന്ററി അലോട്ട്മെന്റ് നവംബർ 27 ന് പ്രസിദ്ധീകരിക്കുന്നതാണ്.

### ഒന്നാം വർഷ ബി.എഡ്. പ്രവേശനം–2021
### ജനറൽ/മറ്റ് സംവരണ വിഭാഗക്കാർക്ക്
### സ്പോട്ട് അലോട്ട്മെന്റ് – നവംബർ 26, 27 തീയതികളിൽ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ, കെ.യു.സി.ടി.ഇ. കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ/മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ ഓഡിറ്റോറിയത്തിൽ നടത്തുന്നു.

ബി.എഡ്. ഫിസിക്കൽ സയൻസ്, സോഷ്യൽ സയൻസ്, ജിയോഗ്രഫി, നാച്ചുറൽ സയൻസ്, മാത്തമാറ്റിക്സ്, കോമേഴ്സ് എന്നിവ നവംബർ 26 ന് നടത്തുന്നതാണ്. ബി.എഡ്. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, അറബിക്, സംസ്കൃതം, എന്നിവ നവംബർ 27 ന് നടത്തുന്നതാണ്. അന്നേ ദിവസം തന്നെ (27.11.2021) സ്പോർട്സ് ക്വാട്ട അഡ്മിഷൻ, സ്പോർട്സ് കൗൺസിൽ ലിസ്റ്റ് പ്രകാരം സർവകലാശാല നടത്തുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

രാവിലെ 8.00 മണി മുതൽ 10.00 മണിവരെ സ്പോട്ട് അഡ്മിഷനായുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതാണ്. 10.00 മണിക്ക് ശേഷം വരുന്നവരെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വിശദവിവരങ്ങൾക്ക് (http://admissions.keralauniversity.ac.in) അഡ്മിഷൻ വെബ്സൈറ്റ് കാണുക. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## സ്പെഷ്യൽ പരീക്ഷ – ടൈംടേബിൾ

കേരളസർവകലാശാലയുടെ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി./ബി.കോം. എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. ഏഴാം സെമസ്റ്റർ ഏപ്രിൽ 2021 പരീക്ഷയുടെ സ്പെഷ്യൽ പരീക്ഷ ഡിസംബർ 2 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ പഠനഗവേഷണവകുപ്പുകളിൽ എം.എ.തമിഴ്, സംസ്കൃതം, ഇസ്ലാമിക് ഹിസ്റ്ററി, വെസ്റ്റ് ഏഷ്യൻ സ്റ്റഡീസ് എന്നീ പ്രോഗ്രാമുകൾക്ക് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നവംബർ 26 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
23.11.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**